**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **16-03-2022 - ൽ മറുപടിയ്ക്ക്**

**നോളജ് ഇക്കോണമി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി.വി.അൻവർ** | | **null<br>(മുഖ്യമന്ത്രി)** | |
| (എ) | ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ആഗോള തൊഴിൽ വിപണിയിലെ അവസരങ്ങൾ കരസ്ഥമാക്കുന്നതിനും അഭ്യസ്തവിദ്യരുടെ തൊഴിൽ നൈപുണ്യ വികസനത്തിനും വേണ്ടിയുള്ള നോളജ് ഇക്കോണമി മിഷന് രൂപം നൽകിയിട്ടുണ്ടോ; പ്രസ്തുത മിഷൻ വഴി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണികൾക്കും അനുസൃതമായ വിജ്ഞാന തൊഴിലുകളിൽ ഏർപ്പെടുന്നതിനായി ലോകത്തെമ്പാടുമുള്ള നവലോക തൊഴിൽ അവസരങ്ങൾ കണ്ടെത്തി അവ പ്രാപ്തമാക്കാൻ ആവശ്യമായ പരിശീലനം നൽകി, തൊഴിൽ നൽകുക എന്നതാണ് നോളജ് ഇക്കണോമി മിഷൻ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിന് കഴിയുന്ന രീതിയിൽ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോരുത്തരുടെയും കഴിവും നൈപുണിയും കണ്ടെത്തി അവർക്കനുയോജ്യമായ വരുമാന ദായകമായ, സർക്കാരിതര തൊഴിലുകളിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനവും സഹായവും നൽകാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്നൊരു ഡിജിറ്റൽ പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്തുന്ന വിധത്തിൽ, അഭ്യസ്തവിദ്യരുടെ തൊഴിൽശേഷിയെ നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ നവലോക തൊഴിലുകളിലേയ്ക്ക് പ്രാപ്തരാക്കുന്നതിനുവേണ്ടി സ്വദേശത്തും വിദേശത്തുമുള്ള വിവിധ നൈപുണ്യ പരിശീലന ഏജൻസികളും വ്യവസായ സമൂഹവുമായി ചേർന്നുകൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിക്കാണ് കേരള നോളജ് ഇക്കണോമി മിഷൻ ലക്ഷ്യമിടുന്നത്. കുടുംബശ്രീ, അസാപ്, KASE, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ICTAK, |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ട്അപ് മിഷൻ തുടങ്ങിയ സർക്കാർ-സർക്കാരിതര ഏജൻസികളുമായി ചേർന്ന്, വരുന്ന അഞ്ച് വർഷത്തിനകം 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി, മൃഗസംരക്ഷണം, ഡയറി, MSME, വ്യവസായം തുടങ്ങിയവയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിച്ചും പ്രാദേശിക തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും നോളജ് ഇക്കണോമി മിഷൻ ലക്ഷ്യമിടുന്നു. സമൂഹത്തിലെ സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവർക്കും ദുർബല ജനവിഭാഗങ്ങൾക്കും തൊഴിൽ നൈപുണികൾ ആർജ്ജിക്കാനും പരിശീലനങ്ങൾക്കും സ്കോളർഷിപ്പുകളും ഇൻസെന്റീവുകളും, പരിശീലനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് പലിശരഹിത വായ്പയുള്ള സംവിധാനവും പദ്ധതിരേഖയിൽ വിഭാവനം ചെയ്യുന്നു. |
| (ബി) | നോളജ് ഇക്കോണമി മിഷന്റെ ആഭിമുഖ്യത്തിൽ തൊഴിൽ മേളകൾ ആരംഭിച്ചിട്ടുണ്ടോ; അവയോടുള്ള തൊഴിലന്വേഷകരുടെയും തൊഴിൽദാതാക്കളുടെയും പ്രതികരണം എന്താണെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. 2022 ജനുവരി 31-നുള്ളിൽ 10,000 പേർക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് 14 ജില്ലകൾ കേന്ദ്രീകരിച്ച് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കിയ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തി 17 തൊഴിൽമേളകൾ പൂർത്തീകരിക്കുകയുണ്ടായി. ഇതിൽ അഭ്യസ്തവിദ്യരായ കരിയർ ബ്രേക്ക് വന്ന സ്ത്രീകളെ പങ്കെടുപ്പിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ തൊഴിൽമേളകളും ഉൾപ്പെടും. ഇതിലൂടെ 10,457 പേർക്ക് തൊഴിൽ ഉറപ്പാക്കാനും 2,530 പേർക്ക് ഇതുവരെ നിയമനം നൽകാനും കഴിഞ്ഞു. ഇതു കൂടാതെ ദേശീയ-അന്തർദേശീയ തലങ്ങളിലെ വിവിധ കമ്പനികളെ പങ്കെടുപ്പിച്ചുള്ള വെർച്വൽ ജോബ് ഫെയറുകളും നടന്നുകൊണ്ടിരിക്കുന്നു. 22/01/2022 മുതൽ 31/01/2022 വരെ നടത്തിയ വെർച്വൽ ജോബ് ഫെയറിൽ 6658 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 421 ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയുമുണ്ടായി. കോവിഡ് സാഹചര്യത്തിൽ നടന്ന തൊഴിൽമേളകളിൽ മുൻകൂട്ടി DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ മാത്രമാണ് ജോബ് ഫെയറിൽ പങ്കെടുപ്പിച്ചത്. ഇതിന്റെ ഭാഗമായി 50,000 ത്തിലധികം പേർ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും 17 തൊഴിൽമേളകളിലുമായി 15,683 പേർ പങ്കെടുക്കുകയും ചെയ്തു. ജോബ് |

| | | | |
|---|---|---|---|
| | | | ഫെയറുകളിൽ പങ്കെടുത്ത ഭൂരിപക്ഷം തൊഴിലന്വേഷകരും തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണികൾക്കും അനുയോജ്യമായ തൊഴിലവസരങ്ങൾ മേളയിൽ ലഭ്യമായിരുന്നുവെന്നും മൂന്നിലേറെ കമ്പനികളുടെ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അവസരം ലഭിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ തൊഴിൽമേളയ്ക്ക് മുന്നോടിയായി രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിച്ച് തൊഴിൽ അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിന് നൽകിയ മൂന്ന് മണിക്കൂർ നേരത്തെ ഗ്രൂമിങ് വളരെ പ്രയോജനപ്രദമായിരുന്നുവെന്നും വിലയിരുത്തിയിട്ടുണ്ട്. തൊഴിൽദാതാക്കളെ സംബന്ധിച്ചിടത്തോളം കോവിഡ് വ്യാപനത്തിനുശേഷം പ്രവർത്തനം പുനരാരംഭിച്ച കമ്പനികൾക്ക് അവരുടെ ആവശ്യത്തിന് അനുസൃതമായ യോഗ്യതയും കഴിവുകളുമുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്താൻ കഴിഞ്ഞതായി അറിയിച്ചിട്ടുണ്ട്. അഭിമുഖങ്ങളിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ നിലവാരം സംബന്ധിച്ചും കമ്പനികളുടെ വിലയിരുത്തൽ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഓരോ തൊഴിൽമേളകളിലും പങ്കെടുത്ത തൊഴിൽദാതാക്കളിൽ നിന്ന് ശേഖരിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ വിശകലനം ചെയ്തുകൊണ്ട് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. |
| (സി) | പ്രസ്തുത മിഷന്റെ വിജയത്തിന് അനിവാര്യമായ ഡിജിറ്റൽ ഇക്കോണമി ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ? | (സി) | നോളജ് ഇക്കണോമി മിഷന്റെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ഡിജിറ്റൽ ഇക്കണോമിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. ഇത് കണക്കിലെടുത്ത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഡിജിറ്റൽ ഇക്കണോമി മേഖലകളിലെ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ, ജിയോ സ്പേഷ്യൽ ടെക്നോളജി തുടങ്ങിയ മേഖലകളിൽ വിവിധ കോഴ്സുകളും പരിശീലന പരിപാടികളും ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ തൊഴിൽ മേഖലകളിലെ സംരംഭങ്ങളെ സഹായിക്കുന്നതിനായി രണ്ട് പുതിയ സെന്റർ ഓഫ് എക്സലൻസുകളും ഒരു ഗ്രാഫീൻ സെന്ററും ഇതിനകം തന്നെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ബയോ ടെക്നോളജി ഉൾപ്പെടെയുള്ള നവീന സാങ്കേതിക മേഖലകളിൽ ഉയർന്ന നിലവാരത്തിലുള്ള നൂതനാശയങ്ങൾക്കും ഐ പി ആർ ഉള്ള കണ്ടുപിടിത്തങ്ങൾക്കുമായി 30 റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | പദ്ധതിയുണ്ട്. ഇതിലൂടെ കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് ഘടനയായി മാറ്റുന്നതിന് സഹായകമായ ഡിജിറ്റൽ ഇക്കണോമി മേഖലയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ